കേരള സർക്കാർ രജി. നമ്പർ. KL/TV(N) 12/2003-2005

# കേരള ഗസറ്റ്
## അസാധാരണം
## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

വാല്യം 50 തിരുവനന്തപുരം 2005 മെയ് 16 നമ്പർ 1068
തിങ്കൾ

---

## വിജ്ഞാപനം

നമ്പർ ബി-1/603/2005 2005 മേയ് 11

കേരള സർക്കാർ 3-8-1987-ാം തീയതിയിലെ ജി.ഒ (എം.എസ്) 526/87/ആർ.ഡി നമ്പർ വിജ്ഞാപന പ്രകാരം കോട്ടയം ലാന്റ് അക്വിസിഷൻ (ജനറൽ) സ്പെഷ്യൽ തഹസീൽദാരെ (1894-ലെ സ്ഥലമെടുപ്പ് ആക്റ്റ് (1894-ലെ 1-ാം കേന്ദ്ര ആക്റ്റ) -ന് വിധേയമായി ഒരു കളക്ടറുട ചുമതലകൾ നിർവ്വഹിക്കുന്നതിനുവേ ി നിയമിച്ചിരിക്കുന്നതിനാലും ;

കേരള സർക്കാരിന്റെ 18-4-2005-ാം തീയതിയിലെ ജി.ഒ. (ആർ.റ്റി) 422/03/പി. ഡബ്ല്യൂ. ഡി ഉത്തരവു പ്രകാരം ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ള ഭൂമി ഒരു പൊതു ആവിശ്യത്തിനായി അതായത് ചങ്ങനാശ്ശേരി ബൈപാസ് 3-ാം ഘട്ട നിർമാണത്തിനായി റയിൽവെ വക സ്ഥലം എടുക്കുന്നതിനു പകരമായി റയിൽവെക്ക് ഭൂമി നൽകുന്നതിന് ആവശ്യമു ന്നോ അവശ്യമു ായേക്കാമെന്നോ പ്രസ്തുത കളക്ടർക്ക് ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാലും

ഇപ്പോൾ തൻമൂലം ഇതുമായി ബന്ധപ്പെട്ട എല്ലാ വ്യക്തികൾക്കും 1894-ലെ സ്ഥലമെടുപ്പ് ആക്റ്റ് (1894-ലെ) 1-ാം കേന്ദ്ര ആക്റ്റ്) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്കനുസൃതമായി ഇക്കാര്യത്തിലുള്ള അറിയിപ്പ് ഇതിനാൽ നൽകുകയും ചെയ്യുന്നു.

ഇക്കാര്യത്തിലുള്ള അടിയന്തിര സ്വഭാവം കണക്കിലെടുത്ത് ലാന്റ് റവന്യൂ കമ്മീഷണർ തിരുവന്തപുരത്തിന്റെ 6-5-2005-ലെ എൽ.ആർ സി3-22340/05 ഉത്തരവുപ്രകാരം മേൽപ്പറഞ്ഞ ആക്റ്റഅ 17-ാം വകുപ്പ് (4)-ാം ഉപവകുപ്പിന് വിധേയമായി ആക്റ്റിലെ 5(എ) വകുപ്പിലെ വ്യവസ്ഥകൾക്ക് ഇക്കാര്യത്തിൽ ബാധകമാക്കേ തില്ലെന്ന് നിർദ്ദേശിച്ചിട്ടു ്.

## പട്ടിക

ജില്ല - കോട്ടയം
താലൂക്ക് - ചങ്ങനാശ്ശേരി
വില്ലേജ് - ചങ്ങനാശ്ശേരി
(ഏകദേശ വിസ്തീർണ്ണമാണ് കൊടുത്തിരിക്കുന്നത്)

| ബ്ലോക്ക് നമ്പർ | സർവ്വെ നമ്പർ | ഭൂമിയുടെ വിവരണം | വിസ്തീർണ്ണം (ആർ) |
|---|---|---|---|
| 132 | 7 | പുരയിടം | 3 |
| 133 | 2 | പുരയിടം | 2 |
| | | ആകെ | 5 |

(ഒപ്പ്)
സ്പെഷ്യൽ തഹസീൽദാർ
(എൽ.ഐ) ജനറൽ

കോട്ടയം

1961-ലെ കേരള സർവെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1)-ാം വകുപ്പ് പ്രകാരമുള്ള പരസ്യം

നമ്പർ. ബി1-603/2005 2005 മേയ് 11

താഴെ പറയുന്ന താലൂക്കിലെ താഴെ പറയുന്ന വില്ലേജിലെ താഴെ പറയുന്ന സർവ്വെ നമ്പരുകളിൽപ്പടുന്ന ഭൂമിയുടെ സർവ്വെ നടത്തണെമെന്ന് സർക്കാർ നിർദ്ദേശിച്ചിരിക്കുകയാൽ താഴെ പറയുന്ന വില്ലേജിലെ സർവ്വെ പ്രവർത്തനങ്ങൾ വേഗം തന്നെ ആരംഭിക്കുന്നതാണെന്നും താഴെ പറയുന്ന വില്ലേജിലെ താഴെപ്പറയുന്ന സർവ്വെ നമ്പരുകൾ അതിർത്തി തിരിച്ച് സർവ്വെ ചെയ്യുന്നതാണെന്നും 1961-ലെ കേരള സർവ്വെയും അതിർത്തിയും സംബന്ധിച്ച ആക്ടിലെ 6(1)-ാം വകുപ്പു പ്രകാരം ഇതിനാൽ പരസ്യം ചെയ്യുന്നു.

താഴെ പറയുന്ന ഭൂമിയുടെ ഉള്ളിലോ അഥവാ അവയോട് ചേർന്നോ സ്ഥിതി ചെയ്യുന്ന രജിസ്റ്റർ ചെയ്ത് ഭൂമിയിൽ അവകാശമു ന്ന് തേർച്ച ചെയ്യുന്ന ഏതൊരാളെയും നേരിട്ടോ എജന്റ് മുഖേനയോ സ്ഥലത്ത് ജോലി ചെയ്യുന്ന സർവ്വെയറുടെ അടുത്ത ഹാജരാക്കുന്നതിനും അതിരുകൾ കാണിച്ചു കൊടുക്കുന്നതിനും അതോടു ബന്ധപ്പെട്ട വിവരങ്ങൾ നൽകുന്നതിനുംവേ ി അതാത് സമയം ആവശ്യപ്പെടുമ്പോൾ ഹാജരാകുന്നതിനുംവേ ി ഇതിനാൽ ക്ഷണിച്ചുകൊള്ളുന്നു.

പ്രസ്തുത ആക്ടിലെ 6(2) എന്ന വകുപ്പ് പ്രകാരം ഈ പരസ്യം താഴെ പറയുന്ന ഭൂമിയിൽ അവകാശ ബന്ധമുള്ള ഏതൊരാൾക്കുമുള്ള സാധുവായ നോട്ടീസായി കണക്കാക്കപ്പെടുന്നതാണ്.

പ്രസ്തുത ആക്ടിലെ 6(3) എന്ന വകുപ്പ് പ്രകാരം രജിസ്റ്റർ ചെയ്ത എല്ലാ കൈവശക്കാരും

(എ) സർവ്വെ ചെയ്യുന്നതിനുവേ ി നിർമ്മാർജ്ജനം ചെയ്യേ ആവശ്യം ഉ ായേക്കാവുന്ന വല്ല മതങ്ങളോ കുറ്റിക്കാടുകളോ വേലികളോ നിൽക്കുന്ന വിളകളോ അഥവാ സാരവത്തായ മറ്റ് തടസ്സങ്ങളോ 15 ദിവസത്തിനകം മുറിച്ചു കളയുകയോ നീക്കം ചെയ്യുകയോ ചെയ്ത് അതിരുകളോ മറ്റ് ലൈനുകളോ വെടിപ്പാക്കണെമെന്നും.

(ബി) കൊടി പിടിക്കുന്നവരെയും ചെയിൻമാൻമാരെയും നിയോഗിച്ച് അതതു സമയം ആവശ്യമായേക്കാവുന്ന സമയത്തേക്കും കാലത്തേക്കും തൊഴിലാളികളെ ഏർപ്പെടുത്തണമെന്നും

(സി) അനുയോജ്യമായ സർവ്വെ അടയാളങ്ങൾ നൽകണമെന്നും മറ്റ് പ്രകാരത്തിൽ പ്രസ്തുത ആക്ടോ അതുപ്രകാരം ഉ ാക്കിയിട്ടുള്ള ചട്ടങ്ങളോ അനുസരിച്ച് ആവശ്യപ്പെട്ടേക്കാവുന്ന സഹായങ്ങൾ സർവ്വെയർക്ക് നൽകണമെന്നും ഇതിനാൽ ആവശ്യപ്പെടുന്നു

മേൽപ്പറഞ്ഞ (എ) മുതൽ (സി) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരമുള്ള ഈ അഭ്യർത്ഥനകൾ അനുസരിക്കുന്നതിൽ ആരെങ്കിലും വീഴ്ച വരുത്തുകയാണെങ്കിൽ ജോലി കൂലിപ്പണിക്കാരെകൊ ് ചെയ്യിക്കുന്നതും ആയതിന്റെ ചെലവ് ആക്ടിലും അതുപ്രകാരം ഉ ാക്കിയിട്ടുള്ള ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളതുപോലെ വീഴ്ച വരുത്തിയിട്ടുള്ളവരിൽ നിന്നും വസൂലാക്കുന്നതുമാണ്,

സ്ഥലത്തിന്റെ വിവരങ്ങൾ

ജില്ല - കോട്ടയം
താലൂക്ക് - ചങ്ങനാശ്ശേരി
വില്ലേജ് - ചങ്ങനാശ്ശേരി

ബ്ലോക്ക് നമ്പർ - 132
സർവ്വെ നമ്പർ - 7
ബ്ലോക്ക് നമ്പർ - 133
സർവ്വെ നമ്പർ - 2

(ഒപ്പ്)
സ്പെഷ്യൽ തഹസീൽദാർ
(എൽ.എ) ജനറൽ

കോട്ടയം